MONDAY

18/08/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : SINDHU. KS**

**Editor : Dr. V. Krishnadas**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/08/2025

1. ജലസേചന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കാം. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പാക്കുക, ഉയർന്ന ഉൽപ്പാദനം ഉറപ്പ് വരുത്തുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.-പി.ഡി.എം.സി)-യിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ് സിഡിയോടുകൂടി സ്ഥാപിക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. പദ്ധതിയിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ലർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 55% വരെയും മറ്റുള്ള കർഷകർക്ക് 45% വരെയും നിബന്ധനകൾക്ക് വിധേയമായി ധനസഹായമായി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ, എറണാകുളം ജില്ലയിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷകർക്ക് കാക്കനാട്ടുള്ള കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ ബന്ധപ്പെടാം. ഫോൺ- 8848618083, 8848618083.

2. പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ശാസ്ത്രീയമായി തയ്യാറാക്കിയ ഗുണമേന്മയുള്ള നല്ലയിനം പന്നിയൂർ 1 കുരുമുളക് തൈകൾ, WCT തെങ്ങിൻതൈകള്, മത്തൻ, കുമ്പളം, പയർ, വെണ്ട, കുറ്റിപ്പയർ, ചീര, വെള്ളരി, തണ്ണിമത്തൻ എന്നീ പച്ചക്കറി വിത്തുകളും വിൽപ്പനകേന്ദ്രത്തില് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0466-2214123** എന്ന ഫോൺ നമ്പറില് ബന്ധപ്പെടുക.

<u>**പരിശീലന പരിപാടി**</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പാക്കേജ്ഡ് ഫ്രഷ് കട്ട് ഫ്രൂട്ട്സ് & വെജിറ്റബിൾസ് (മിനിമൽ പ്രോസസ്സിംഗ്) നിർമ്മാണ രീതികൾ" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 19 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോണ് നമ്പറിൽ രജിസ്റ്റര് ചെയ്യാവുന്നതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പ്രകൃതി കൃഷി" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 20ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/– രൂപ. താൽപര്യമുള്ളവര് 9400483754 എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതല് വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വച്ച് കൂൺകൃഷി പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഓഗസ്റ്റ് 20ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 3 30 വരെയാണ് പരിശീലനം. താല്പര്യമുള്ളവർ 9446911451 എന്ന നമ്പറിൽ 2025 ഓഗസ്റ്റ് 19 ന് വൈകുന്നേരം 4 മണിക്ക് മുൻപ് വാട്ട്ആപ്പ് സന്ദേശം മുഖേനയോ ഫോണിൽ കൂടെയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 500 രൂപ. പങ്കെടുക്കുന്നവർക്ക് 2 പാക്കറ്റ് കൂൺ വിത്തും 4 PP കവറും സൗജന്യമായി നൽകുന്നു. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതായിരിക്കും.

4. പരമ്പരാഗത റബ്ബർകൃഷി മേഖലകളിൽ 2025 – ൽ ആവർത്തനകൃഷിയോ പുതുകൃഷിയോ നടത്തിയ റബ്ബർകർഷകർക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ധനസഹായത്തിന് അപേക്ഷിക്കാം. കേന്ദ്ര ഗവണ്മെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ 2025 ഒക്ടോബർ 31 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ് സൈറ്റിലെ ഇ സർവീസസ് മെനു വഴി ലോഗിൻ ചെയ്യണം. അപേക്ഷയോടൊപ്പം ആധാർകാർഡ്, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, റബ്ബർബോർഡ് അംഗീകൃത നഴ്സറിയിൽ നിന്നും തൈ വാങ്ങിയതിന്റെ ബില്ല് ഉടങ്ങിയവ അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി 40,000 രൂപയാണ് ധനസഹായം. വിശദവിവരങ്ങൾ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.